## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1035

08.01.2014-ൽ മറുപടിക്ക്

## അഡ്വഞ്ചർ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.ഉമ്മർ**<br>**ശ്രീ. എൻ.ഷംസുദ്ദീൻ**<br>**ശ്രീ. കെ.എൻ.എ.ഖാദർ** | **ശ്രീ. എ.പി.അനിൽകുമാർ**<br>**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) അഡ്വഞ്ചർ ടൂറിസത്തിന്റെ പുരോഗതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | എ) കേരളത്തെ ഒരു സാഹസിക വിനോദ സഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിന്റെ ആദ്യപടിയായി അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് മത്സരം വയനാട് ജില്ലയിൽ വച്ച് 2014 ഫെബ്രുവരിയിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സംഘടിപ്പിക്കുന്നുണ്ട്. കാപ്പിൽ, മുഴുപ്പിലങ്ങാട്, വാഗമൺ എന്നീ സ്ഥലങ്ങളെ പ്രധാന സാഹസിക വിനോദ സഞ്ചാര കേന്ദ്രങ്ങളായി ഉയർത്തുന്നതിലേക്ക് രൂപരേഖ തയ്യാറാക്കി വരുന്നു. കേരളത്തിലെ 14 ജില്ലകളിലും സ്ഥല ലഭ്യതയ്ക്കനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് സ്ഥലം പരിശോധിച്ചതിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളാർ, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നീ സ്ഥലങ്ങൾ അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ആയതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയ്ക്കായി വാങ്ങിയ ഉപകരണങ്ങൾ നിലവിൽ പ്രവർത്തന യോഗ്യമാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | ബി) ഈ പദ്ധതി ആരംഭ ദശയിലായതിനാൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ഇതുവരെ യാതൊരു ഉപകരണങ്ങളും വാങ്ങിയിട്ടില്ല. |

| | | | |
|---|---|---|---|
| സി) | അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിനായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; പ്രവർത്തനങ്ങൾ വിശദമാക്കാമോ; | സി) യും ഡി) യും | അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിനായി തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘം ആക്ട് അനുസരിച്ച് 2012-ൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.ടി.പി.എസ്) രൂപീകരിച്ചിട്ടുണ്ട്. അതിന്റെ സുഗമമായ നടത്തിപ്പിനായി ബഹുമാനപ്പെട്ട ടൂറിസം മന്ത്രി ചെയർമാനായും, ടൂറിസം വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനായും 14 അംഗങ്ങൾ ഉൾപ്പെട്ട ഒരു ഗവേണിംഗ് ബോഡിയും, ടൂറിസം വകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള 10 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. |
| ഡി) | എങ്കിൽ അതിന്റെ ഘടനയും അതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശവും നൽകുമോ? | | കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ 2013 ഏപ്രിൽ മാസത്തിൽ നിയമിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 31.12.2013 വരെ ഇതിനുവേണ്ടി 2.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ